# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3065 | 22.02.2016 -ൽ മറുപടിയ്ക്ക് |
|---|---|

**ബാലനീതി സ്ഥാപനങ്ങളിൽ കുറ്റകൃത്യങ്ങളിൽപെട്ട് എത്തുന്നകുട്ടികൾ**

| **ചോദ്യം**<br>**ശ്രീ.കെ.രാധാകൃഷ്ണൻ** | | **ഉത്തരം**<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തെ ബാലനീതി സ്ഥാപനങ്ങളിൽ കുറ്റകൃത്യങ്ങളിൽപെട്ട് എത്തുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും<br><br>വിവരം ശേഖരിച്ച് നൽകുന്നതാണ് |
| ബി) | 2011-2015 കാലയളവിൽ സ്ഥാപനങ്ങളിൽ എത്തപ്പെട്ട കുട്ടികളുടെ ജില്ലതിരിച്ച എണ്ണം പറയാമോ; | |
| (സി) | കുട്ടിക്കുറ്റവാളികൾ ഉണ്ടാകാനിടയാക്കുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്. കുട്ടികുറ്റവാളികളെക്കുറിച്ച് എറണാകുളം ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ് വർക്ക് കേരള, എന്ന സംഘടന സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ ചുവടെ ചേർക്കുന്നു:-<br>1. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായി പ്രൊഫഷണൽ കൗൺസിലിങ്ങും, തുടർ നടപടിയും ആവശ്യമാണ്.<br>2. ആഫ്റ്റർ കെയർ പ്രോഗ്രാം ശക്തിപ്പെടുത്തണം.<br>3. ഡിസ്ട്രിക്റ്റ് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, മാനേജ്മെന്റ് കമ്മിറ്റി, പ്രൊബേഷൻ ഓഫീസർമാർ, ചൈൽഡ് വെൽഫയർ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റീസ് ബോർഡ് എന്നിവരുടെ കൃത്യമായ യോഗങ്ങൾ കൂടി കുട്ടികളുടെ പുരോഗതി സംബന്ധിച്ച വിലയിരുത്തൽ നടത്തണം. |

| | | |
|---|---|---|
| | | 4. കുട്ടികൾക്കുള്ള വൊക്കേഷണൽ ട്രെയിനിംഗ് ശക്തിപ്പെടുത്തണം.<br>5. ജെ.ജെ. ഹോമുകളിൽ വന്ന് പോകുന്ന കുട്ടികൾക്ക് ഗവ. ജോലിയിൽ റിസർവേഷൻ ഏർപ്പെടുത്തണം. |
| (ഡി) | ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ കുറ്റവാസന ഇല്ലാതാക്കുന്നതിലേയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (ഡി) ഉണ്ട്. കേരളത്തിൽ ആവർത്തിച്ച് കുറ്റകൃത്യങ്ങൾ ഏർപ്പെടുന്ന കുട്ടികളുടെ കുറ്റവാസന ഇല്ലാതാക്കുന്നതിലേയ്ക്കായി ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് പ്രാദേശിക തലത്തിൽ "സൈക്കോ-സോഷ്യൽ കെയർ ഫോർ ചിൽഡ്രൻ ഇൻ കോൺഫ്ലിക്റ്റ് വിത്ത് ലോ" എന്ന പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഈ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കമ്മ്യൂണിറ്റിയെ സംവേദന ക്ഷമമാക്കുക യെന്നതാണ്.<br>2. കുറ്റവാളികളായ കുട്ടികൾക്കു അവരുടെ കുടുംബങ്ങളിൽ വച്ചു തന്നെ സോഷ്യൽ വർക്കറുടേയും വിവിധ സ്റ്റേക്ക് ഹോൾഡറുകളുടെയും നേതൃത്വത്തിൽ സൈക്കോ സോഷ്യൽ ഇന്റർവെൻഷൻ നടത്തുക.<br>3. കുറ്റവാളികളായിട്ടുള്ള കുട്ടികളുടെ കുടുംബങ്ങൾ, സമൂഹം എന്നിവയെ കുട്ടികളെ കൈകാര്യം ചെയ്യേണ്ട രീതികളെക്കുറിച്ച് ബോധവത്കരിക്കുക.<br>4. സമൂഹത്തിന്റേയും കുടുംബങ്ങളുടേയും സഹായത്തോടെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളെ സമൂഹത്തിൽ റീ-ഇന്റഗ്രേറ്റ് ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം. |
| (ഇ) | ലൈംഗിക അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെട്ട് സ്ഥാപനങ്ങളിൽ എത്തപ്പെടുന്ന പെൺകുട്ടികളെ മറ്റ് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട മുതിർന്നവർക്കൊപ്പം പാർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ; | (ഇ) ഉണ്ട്. എല്ലാ ജില്ലകളിലും പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമുകൾ നിലവിലില്ല. ആയതിനാൽ പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമുകൾ ഇല്ലാത്ത ജില്ലകളിൽ ലൈംഗിക അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെട്ട പെൺകുട്ടികളെ ഗവ. മഹിളാ |

| | | |
|---|---|---|
| | | മന്ദിരങ്ങളിലാണ് പാർപ്പിച്ചുകൊണ്ടിരുന്നത്. ഇത്തരം കുട്ടികളെ പെൺകുട്ടികൾക്കായുള്ള ചിൽഡ്രൻസ് ഹോമുകളിൽ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | ബാലനീതി നിയമം അനുശാസിക്കുന്ന ശ്രദ്ധയും പരിചരണവും ഇത്തരം കുട്ടികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എഫ്) ഉണ്ട്. ലൈംഗിക അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് സ്ഥാപന സംരക്ഷണം ഉറപ്പാക്കുകയും അവരുടെ പഠനചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ ഐ.സി.പി.എസ് പദ്ധതിയിൽ നിന്നും വഹിച്ചു വരുകയും ചെയ്യുന്നു. |
| (ജി) | ബാല നീതി നിയമത്തിന്റെ പരിരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി എല്ലാ ജില്ലകളിലും പെൺകുട്ടികൾക്കായി പ്രത്യേക സ്ഥാപനങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ജി) ബാലനീതി നിയമത്തിന്റെ പരിരക്ഷ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ജില്ലകളിൽ പെൺകുട്ടികൾക്കായി പ്രത്യേക സ്ഥാപനങ്ങൾ ആരംഭിച്ച വരുന്നു. കേരളത്തിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മാത്രമാണ് പെൺകുട്ടികൾക്കായുള്ള സ്ഥാപനങ്ങൾ ഉണ്ടായിരുന്നത്. പുതിയതായി കൊല്ലം ജില്ലയിൽ രണ്ട് സ്ഥാപനങ്ങൾ (മയ്യനാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലും ക്യു.എസ്.എസ്.എസിന്റെ ആഭിമുഖ്യത്തിലും) ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കായുള്ള ഓരോ സ്ഥാപനങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ മായിത്തറയിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോം 18 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോം ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ